# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.297** — **21.12.2012-ൽ മറുപടിക്ക്**

## നീര ഉല്പാദനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.സി.കെ.സദാശിവൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) തെങ്ങ് ചെത്തി നീര ഉല്പാദിപ്പിക്കാൻ കർഷകർക്ക് അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; | എ) ഉണ്ട്. |
| ബി) സംസ്ഥാനത്ത് നിലവിലുള്ള തെങ്ങുകളുടെ എണ്ണം സംബന്ധിച്ചും അതിൽ നിന്ന് നീര ഉല്പാദിപ്പിക്കാനുള്ള സാധ്യത സംബന്ധിച്ചും ലഭ്യമായ വിവരങ്ങൾ വെളിപ്പെടുത്തുമോ; | ബി) സംസ്ഥാനത്ത് 7.7 ലക്ഷത്തോളം ഹെക്ടർ സ്ഥലത്ത് തെങ്ങു കൃഷി ചെയ്യുന്നുണ്ട്. ഹെക്ടറിൽ ശരാശരി 180 മുതൽ 200 വരെ കേരവൃക്ഷങ്ങളാണ് ഉള്ളതെന്ന് കണക്കാക്കപ്പെടുന്നു. സംസ്ഥാനത്ത് നിലവിലുള്ള തെങ്ങുകളിൽനിന്നും നീര ഉല്പാദിപ്പിക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം ഇനിയും ആവശ്യമാണ്. ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നു കൊണ്ടിരിക്കുകയാണ്. എങ്കിലും കേരളത്തിൽ കൃഷി ചെയ്യുന്ന മൊത്തം തെങ്ങുകളുടെ ഉദ്ദേശം 10% മാത്രമേ നീര ഉല്പാദനത്തിന് ഉപയുക്തമാകുകയുള്ളൂ. |
| സി) തെങ്ങിൽ നിന്നും നീര ഉല്പാദിപ്പിച്ച് ശേഖരിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമുള്ള എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ? | സി) ഉണ്ട്. 2012 - 2013 വർഷത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന കോക്കനട്ട് ബയോ പാർക്കുകളിൽ നീര ഉല്പാദനവും വിപണനവും സംബന്ധിച്ചുള്ള സാദ്ധ്യത പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ